കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു.

ബേക്കലിൽ സ്കേറ്റ് ബോർഡ് പാർക്ക്

361(2717) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കേറ്റ് ബോർഡ് പാർക്ക് നടപ്പിലാക്കാൻ കേരള മാരിടൈം ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ;

&

(ബി) പ്രസ്തുത പ്രോജക്ട് അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പദ്ധതി പ്രാരംഭ ഘട്ടത്തിലായതിനാൽ വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല.

കാരാകുറിശ്ശി എഴുത്തോംപാറയിലെ ശിലാലിഖിതങ്ങൾ

362(2718) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കാരാകുറിശ്ശി പഞ്ചായത്തിലെ എഴുത്തോംപാറയിലെ ശിലാലിഖിതങ്ങളെ ചരിത്രപരമായ പ്രാധാന്യത്തോടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

LIBRARY ARCHIVES Kerala Legislative Assembly